I ഇ.ബി. XV - കേരള നിയമസഭ/VIII-7

## പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2023 ഫെബ്രുവരി 8, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. പ്രത്യേക പരാമർശം

തുർക്കി-സിറിയ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടവർ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഫെബ്രുവരി 6-ന് ലോകമനഃസാക്ഷിയെ ഞെട്ടിച്ചുകൊണ്ട് തുർക്കിയിലും പശ്ചിമ സിറിയയിലുമുണ്ടായ ഭൂകമ്പത്തെത്തുടർന്ന് ആയിരക്കണക്കിന് ജീവനുകൾ പൊലിഞ്ഞുപോകുകയും വൻതോതിലുള്ള നാശനഷ്ടങ്ങളുണ്ടാകുകയും ചെയ്തു. തകർന്നുപോയ ആ ഭൂപ്രദേശത്തെയും ജനതയെയും പൂർവ്വസ്ഥിതിയിലേയ്ക്ക് കൊണ്ടുവരുന്നതിന് ലോകത്തോടൊപ്പം നമ്മുടെ നാടും കൈകോർക്കേണ്ടതുണ്ട്. ഭൂകമ്പബാധിത പ്രദേശങ്ങളിൽ അടിയന്തര

ദുരന്തനിവാരണ പ്രവർത്തനങ്ങളും വൈദ്യസഹായവുമെത്തിക്കാൻ നമ്മുടെ രാജ്യം ഇതിനകം തയ്യാറെടുത്തുകഴിഞ്ഞു, സംസ്ഥാനത്തിന് സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യുന്നതാണ്. പ്രകൃതിദുരന്തത്തിൽ മൃതിയടഞ്ഞവർക്ക് ഈ സഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അവരുടെ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നു.

(പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിച്ചു.)

## II. അടിയന്തരപ്രമേയം

### ലൈഫ് ഭവന പദ്ധതി

മി. സ്പീക്കർ: ലൈഫ് ഭവന പദ്ധതി പ്രഖ്യാപിത പുരോഗതി കൈവരിക്കാത്തതുമൂലം ഭവനരഹിതർ പ്രതിസന്ധിയിലായിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ബഷീർ, സജീവ് ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2017-ൽ ലൈഫ് ഭവന പദ്ധതിയാരംഭിച്ചപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ഫീൽഡുതല സർവ്വേ നടത്തി തയ്യാറാക്കിയ ഭവനരഹിതരുടെ അന്തിമ ഗുണഭോക്തൃപട്ടികയിലുൾപ്പെട്ട 102542 പേരിൽ 95858 പേരുടെയും വീട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ഭൂരഹിത-ഭവനരഹിതരുടെ പട്ടികയിലുണ്ടായിരുന്ന 158470 പേരിൽ 32376 കുടുംബങ്ങൾ ഭൂമിയാർജ്ജിച്ച് വീട് നിർമ്മാണമാരംഭിച്ചു. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് 262131 പേരാണ് ലൈഫ് ഭവന പദ്ധതിയിലൂടെ വീട് സ്വന്തമാക്കിയിട്ടുള്ളത്, 2020-ലെ ഗുണഭോക്തൃ ലിസ്റ്റിൽപ്പെട്ട 16049 പേർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടുകഴിഞ്ഞു, പതിനായിരം വീടുകൾക്ക് എഗ്രിമെന്റ് വയ്ക്കാനുണ്ട്. സമാനതകളില്ലാത്ത നേട്ടമാണ് ലൈഫ് മിഷൻ പദ്ധതിക്കുകീഴിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഭൂരഹിതരായിട്ടുള്ള ഭവനരഹിതർക്ക് ഭൂമി കണ്ടെത്താൻ 'മനസ്സോടിത്തിരി മണ്ണ് ' എന്ന കാമ്പയിനിന്റെ ഭാഗമായി നിരവധിപേർ സ്ഥലം സംഭാവനയായി നൽകിയിട്ടുണ്ട്. ലൈഫ് ഗുണഭോക്താക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതോടൊപ്പം അനെർട്ടുമായി

സഹകരിച്ചുകൊണ്ട് വീടുകളെ സൗജന്യസൗരോർജ്ജ പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ വസ്തുതകളെ നിഷേധിക്കാൻവേണ്ടി ആരോപണങ്ങളുടെ പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്.

ശ്രീ. പി. കെ. ബഷീർ: ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് മൂന്നാമത്തെ അടിയന്തര പ്രമേയമാണ് അവതരിപ്പിക്കുന്നത്. 2017-ൽ ലൈഫ് ഭവന പദ്ധതി ആരംഭിച്ചിട്ടും സമ്പൂർണ്ണ പാർപ്പിടം എന്ന ലക്ഷ്യത്തിലേയ്ക്ക് എത്തിയിട്ടില്ല. ഘട്ടം - I പ്രകാരം 5 വർഷം കൊണ്ട് 2,79,131 വീടുകൾ പൂർത്തീകരിച്ചുവെന്ന് അവകാശപ്പെടുമ്പോഴും കാലാകാലങ്ങളിൽ പൂർത്തീകരിക്കാത്തതും പഞ്ചായത്തുകൾ റിപ്പയർ ഫണ്ട് കൊടുക്കുന്നതുമായ 52,455 വീടുകളുംകൂടി ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. മുൻ വർഷങ്ങളിൽ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന വീടുകളുടെ എണ്ണം ലൈഫ് ഭവന പദ്ധതി വന്നതോടുകൂടി ഗണ്യമായി കുറഞ്ഞു. ഘട്ടം-II-ൽ ഭൂമിയില്ലെന്ന് കണ്ടെത്തിയ 1,77,972 അപേക്ഷകളുടെ രേഖാപരിശോധനയിൽ 1,03,121 ഗുണഭോക്താക്കളാണ് അർഹരായിട്ടുള്ളത്. കേരളത്തിൽ ഭൂമിയില്ലാത്ത 1,35,769 ഭവനരഹിതരുണ്ട്. ലൈഫ് മിഷൻ പദ്ധതിയുടെ മാനദണ്ഡത്തിൽ അനാഥരെക്കൂടി ഉൾപ്പെടുത്തണം. ഭവനപദ്ധതികൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് തിരിച്ചുനൽകി ഗ്രാമസഭ തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കൾക്ക് ലോൺ എടുക്കാനുള്ള സൗകര്യം സർക്കാർ

ഒരുക്കികൊടുക്കുന്നതിനോടൊപ്പം ലോണിന്റെ പലിശ ഇനത്തിൽ വരുന്ന തുക നൽകാനും നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള പഞ്ചായത്തിന്റെ അധികാരം സർക്കാർ കവർന്നെടുത്തു എന്നുള്ള ആരോപണം അടിസ്ഥാനരഹിതമാണ്. ഗ്രാമസഭ ചേർന്ന് ഗുണഭോക്തൃ ലിസ്റ്റ് അന്തിമമായി തയ്യാറാക്കുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. സർക്കാർ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2,20,000 രൂപ വായ്പാവിഹിതമായും 1,00,000 രൂപ സംസ്ഥാന വിഹിതമായും ധനസഹായം നൽകുന്നു. കേന്ദ്ര സർക്കാർ അടിച്ചേൽപ്പിച്ച കടുത്ത സാമ്പത്തികപ്രതിസന്ധിക്കും വിവേചനത്തിനുമിടയിലാണ് ഏറ്റവും കൂടുതൽ തുക സംസ്ഥാനത്ത് ഭവനനിർമ്മാണത്തിനായി നൽകുന്നത്. കേന്ദ്ര സർക്കാരിന്റെ ഭവന പദ്ധതികളിൽ 85 ശതമാനവും സംസ്ഥാന വിഹിതമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, ശ്രീമതി കെ. കെ. രമ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## III. ശ്രദ്ധക്ഷണിക്കൽ

(1) എ.സി. കനാലിന്റെ നീളം വർദ്ധിപ്പിക്കൽ

ശ്രീ. ജോബ് മൈക്കിൾ: ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിന് സമാന്തരമായി ഒന്നാംകരവരെ എത്തിനിൽക്കുന്ന എ.സി. കനാൽ പള്ളാത്തുരുത്തി ആറുമായി ബന്ധിപ്പിക്കുന്നതിനും പ്രസ്തുത കനാലിനെ ഫീഡർ കനാലായി പരിവർത്തനപ്പെടുത്തിക്കൊണ്ട് കുട്ടനാട്ടിലെ വെള്ളപ്പൊക്ക ഭീഷണി ഒഴിവാക്കുന്നതിനും ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിലെ ക്രോസ് ബേകൾ ആറുമായി ബന്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കുട്ടനാട്ടിലെ വെള്ളപ്പൊക്കം ലഘൂകരിക്കുന്നതിനായി എ.സി. കനാൽ മനക്കച്ചിറ മുതൽ ഒന്നാംകരവരെ ആദ്യഘട്ടത്തിൽ നവീകരിച്ചിട്ടുണ്ട്. ഒന്നാംകര മുതൽ നെടുമുടിവരെയും നെടുമുടി മുതൽ പള്ളാത്തുരുത്തിവരെയും രണ്ടും മൂന്നും

ഘട്ടങ്ങളിലായി തുറക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. 'റൂം ഫോർ ദി റിവർ' പദ്ധതിയുടെ ഭാഗമായി എ.സി. കനാൽ തുറക്കുന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്താനായി നിയോഗിച്ച ചെന്നൈ ഐ.ഐ.ടി.-യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. പ്രളയജലം പൂർണ്ണമായും ഒഴുക്കിക്കളയുന്നതിനായി എ.സി. കനാലിന്റെ വീതി കൂട്ടുന്നതിന്റെ ഭാഗമായി അനധികൃത കയ്യേറ്റം ഒഴിപ്പിച്ച് പുനരധിവസിപ്പിക്കുന്ന കാര്യത്തിൽ റവന്യൂ അധികൃതരുമായി കൂടിയാലോചിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. കൂടാതെ കുട്ടനാട്, ആലപ്പുഴ, അമ്പലപ്പുഴ, ചങ്ങനാശ്ശേരി മണ്ഡലങ്ങളിലെ എം.എൽ.എ.-മാരെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് പൊതുചർച്ച സംഘടിപ്പിച്ച് അതിൽനിന്നും രൂപംകൊള്ളുന്ന ആശയങ്ങളുടെകൂടി പശ്ചാത്തലത്തിൽ പരിഹാരനടപടികൾ കൈക്കൊള്ളുന്നതാണ്. ഈ മേഖലയിൽ ടൂറിസം വികസനത്തിനുള്ള പദ്ധതികൾക്ക് തുടക്കംകുറിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(2) ആലുവയിൽ വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്

ശ്രീ. ടി. ജെ. വിനോദ്: കുടിവെള്ളക്ഷാമം രൂക്ഷമായ കൊച്ചിനഗരത്തിലേയ്ക്കും പരിസരപ്രദേശങ്ങളിലേയ്ക്കുമായി ആലുവ, മരട്

ജലശുദ്ധീകരണശാലകളിൽ നിന്നുൾപ്പെടെ പ്രതിദിനം 335 എം.എൽ.ഡി. വെള്ളം മാത്രമാണ് വിതരണം ചെയ്യുന്നത്. കൊച്ചി നഗരസഭയും 5 മുനിസിപ്പാലിറ്റികളും 13 പഞ്ചായത്തുകളുമുൾപ്പെടുന്ന പ്രദേശത്തിന് പ്രയോജനം ലഭിക്കുന്നവിധത്തിൽ ആലുവയിൽ നിലവിലുള്ള ജലശുദ്ധീകരണശാലയ്ക്ക് സമീപം കേരള വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് ആധുനികരീതിയിലുള്ള ജലശുദ്ധീകരണശാല സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): കൊച്ചി നഗരത്തിലെയും പരിസരപ്രദേശങ്ങളിലെയും ജലക്ഷാമം പരിഹരിക്കുന്നതിന് ആലുവയിൽ വാട്ടർ അതോറിറ്റിയുടെ സ്ഥലത്ത് 143 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല സ്ഥാപിക്കുന്നതിനായി ഭരണാനുമതി നൽകുകയും ടെണ്ടർ ക്ഷണിക്കുകയും ചെയ്തെങ്കിലും ഭാവിയിലെ ഉപഭോഗ വർദ്ധനവ് കണക്കിലെടുത്ത് പ്ലാന്റിന്റെ ശേഷി 190 എം.എൽ.ഡി. ആക്കി ഉയർത്തുന്നതിന് തീരുമാനിച്ചതിനാൽ പ്രസ്തുത ടെണ്ടർ ക്യാൻസൽ ചെയ്യുകയും പുതിയ ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തു. എസ്റ്റിമേറ്റ് തുക വർദ്ധിച്ചതിനാൽ വാട്ടർ അതോറിറ്റിയുടെ ഫണ്ടിന്റെ അപര്യാപ്തത കണക്കിലെടുത്ത് പ്രസ്തുത പദ്ധതി കിഫ്ബിയിലുൾപ്പെടുത്തി

നടപ്പാക്കാനാണ് ശ്രമിക്കുന്നത്. വ്യവസായ ആവശ്യങ്ങൾക്കായി കിൻഫ്ര ആലുവയിൽ 45 എം.എൽ.ഡി. ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കുമ്പോൾ ജലലഭ്യത ഉറപ്പുവരുത്താൻ കഴിയുമോയെന്നത് സംബന്ധിച്ച് സംയുക്തപഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കാൻ ഇറിഗേഷൻ വകുപ്പിനോടും വാട്ടർ അതോറിറ്റിയോടും ആവശ്യപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ വ്യവസായ വകുപ്പുമന്ത്രിയും ജില്ലയിലെ മറ്റ് എം.എൽ.എ.-മാരും ഉൾപ്പെടുന്നവരുടെ ഒരു യോഗം വിളിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## IV. സബ്മിഷൻ

### (1) അഞ്ചരക്കണ്ടി പുഴയോര സംരക്ഷണം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: കരയിടിച്ചിൽ തടയുന്നതിന് അഞ്ചരക്കണ്ടി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): അഞ്ചരക്കണ്ടി പുഴയുടെ ചില ഭാഗങ്ങൾ ബലക്ഷയം വന്ന് ഇടിഞ്ഞുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തലശ്ശേരി മേജർ ഇറിഗേഷൻ ഡിവിഷൻ മുഖേന വെള്ളക്കെട്ടുതി, വെള്ളപ്പൊക്ക നിയന്ത്രണം, സംസ്ഥാന ദുരന്തനിവാരണ സഞ്ചിത നിധി എന്നീ ഫണ്ടുകൾ ഉപയോഗിച്ച് പുഴയോരം

കെട്ടി സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ നടപ്പ് സാമ്പത്തിക വർഷം വെള്ളപ്പൊക്ക കെടുതി - വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികളിലുൾപ്പെടുത്തി പുഴയോരം കെട്ടി സംരക്ഷിക്കുന്നതിനും ചെളി നീക്കം ചെയ്യുന്നതിനും പ്രവർത്തന നിർദ്ദേശങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. വീടുകൾ നഷ്ടമാകാൻ സാധ്യതയുള്ള പ്രദേശങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

(2) എസ്.ബി.ഐ.-യിലെ പ്രശ്നങ്ങളിൽ സർക്കാർ ഇടപെടൽ

ശ്രീ. പി. എസ്. സുപാൽ: എസ്. ബി. ഐ. ശാഖകളിലെ ഒഴിവുകൾ സ്ഥിരം നിയമനങ്ങളിലൂടെ നികത്തുന്നതിനും ബാങ്ക് ജീവനക്കാരെ പിൻവലിച്ച് മാർക്കറ്റിംഗ് ജോലികൾക്ക് നിയോഗിക്കുന്നതിനെതിരെയും ബാങ്കിടപാടുകാർക്ക് മികച്ച സേവനം ലഭ്യമാക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ഇടപെടലുണ്ടാകണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): കേന്ദ്രസർക്കാരിന്റെ പൊതുനയത്തിന് വിധേയമായാണ് ബാങ്കുകൾ പ്രവർത്തിക്കുന്നതെന്ന പ്രയോഗിക പ്രശ്നം നിലവിലുണ്ട്. പുതിയ പല പരിഷ്കാരങ്ങളും ഈ മേഖലയിലെ ജീവനക്കാർക്കും ഇടപാടുകാർക്കും പല ബുദ്ധിമുട്ടുകളും സൃഷ്ടിക്കുന്നുണ്ടെന്ന പരാതി ഉയർന്നുവരുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ലാത്തതിനാൽ ബാങ്കുകളുമായി

ബന്ധപ്പെട്ട പരാതികൾ സംസ്ഥാനതല ബാങ്കേഴ്സ് സമിതിക്ക് കൈമാറി പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(3) ചോട്ടിലപ്പാറ പാലം പുനർ നിർമ്മാണം

ശ്രീ. മുരളി പെരുനെല്ലി: ചോട്ടിലപ്പാറ പാലത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിരുന്ന ചോട്ടിലപ്പാറ പാലം പുനർനിർമ്മാണവുമായി ബന്ധപ്പെട്ട സോയിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കുകയും പാലം നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അനുമതിക്കായി സാമ്പത്തികകാര്യ വകുപ്പിലേയ്ക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. പ്രസ്തുത പാലത്തിന്റെ നിർമ്മാണം താരതമ്യേന ചെറിയ പ്രവൃത്തി ആയതിനാൽ റീബിൽഡ് കേരള പദ്ധതിയിൽ പരിഗണിക്കേണ്ടതില്ലെന്നാണ് ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി യോഗത്തിൽ തീരുമാനിച്ചിട്ടുള്ളത്.

(4) കൊല്ലം-നെല്ല്യാടി-മേപ്പയൂർ റോഡ് പ്രവൃത്തി

ശ്രീ. ടി. പി. രാമകൃഷ്ണൻ : കൊല്ലം-നെല്ല്യാടി-മേപ്പയൂർ റോഡിന്റെ

പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കൊല്ലം-നെല്യാടി-മേപ്പയൂർ റോഡിനായുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തിയാകുകയും അടിയന്തരമായി ഈ പ്രവൃത്തി പൂർത്തിയാക്കുവാൻ കെ.ആർ.എഫ്.ബി.-പി.എം.യു. പ്രോജക്ട് ഡയറക്ടർക്ക് പ്രത്യേകം നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ അറ്റകുറ്റപ്പണിക്കായി 20 ലക്ഷം രൂപ ചെലവഴിക്കുകയും നാഷണൽ ഹൈവേ അതോറിറ്റിയുടെ അണ്ടർപാസ് വരുന്ന ഭാഗത്ത് അലൈൻമെന്റ് പുതുക്കുകയും അവിടെ അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾ സ്വീകരിക്കുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ ത്വരിപ്പെടുത്തുന്നതിന് പ്രത്യേക ഇടപെടൽ നടത്താൻ കമ്പനിക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

### (5) പെരുവ-പിറവം അനുബന്ധ റോഡ് പ്രവൃത്തികൾ

ശ്രീ. അനൂപ് ജേക്കബ്: പെരുവ-പിറവം പെരുവാമൂഴി, ആരക്കുന്നം-ആമ്പല്ലൂർ-പൂത്തോട്ട-പിറവം റോഡുകളുടെ ഡി.പി.ആർ. പുന:പരിശോധിച്ച് നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുമരകം നെടുമ്പാശ്ശേരി റോഡിന്റെ ഭാഗമായ പെരുവ-പെരുവാമൂഴി റോഡിന്റെ പുനരുദ്ധാരണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും ആറ് മീറ്റർ വീതിയിൽ വെള്ളം കയറുന്ന ഭാഗങ്ങളിൽ ശരാശരി 50 മീറ്റർ ഉയർത്തി കോൺക്രീറ്റ് ചെയ്യുകയും ബാക്കിയുള്ള പണികൾ ഉൾപ്പെടുത്തി പുനരുദ്ധാരണം നടത്താനുമാണ് ഉദ്ദേശിക്കുന്നത്. ആരക്കുന്നം ആമ്പല്ലൂർ-പൂത്തോട്ട-പിറവം റോഡിന്റെ നിർമ്മാണത്തിനാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനിടുന്ന പ്രവൃത്തിയും മരങ്ങൾ മുറിച്ചുമാറ്റുന്ന പ്രവൃത്തിയും പൂർത്തിയാക്കുന്നതോടൊപ്പം പ്രവൃത്തി തുടരാൻ കഴിയുന്ന മേഖലയിൽ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് കെ.എസ്.റ്റി.പി. ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുന്നതുമാണ്.

(6) വെഞ്ഞാറമൂട് ഫ്ലൈഓവർ നിർമ്മാണം

ശ്രീ. ഡി. കെ. മുരളി: വെഞ്ഞാറമൂട് ഫ്ലൈഓവറിന്റെ നിർമ്മാണ പ്രവൃത്തിയുടെ ടെണ്ടർ അടിയന്തരമായി അംഗീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): അധിക തുക ക്വാട്ട് ചെയ്തതിനെത്തുടർന്ന് ടെണ്ടർ രണ്ടുതവണ നിരസിക്കേണ്ടിവന്ന വെഞ്ഞാറമൂട് ഫ്ലൈ ഓവർ നിർമ്മാണപ്രവൃത്തിയുടെ മൂന്നാമത്തെ ടെണ്ടറിൽ 36.87 ശതമാനം കൂടുതൽ തുക ക്വാട്ട് ചെയ്തിരുന്നു. കരാറുകാരുമായി നെഗോസിയേഷൻ നടത്തിയെങ്കിലും തുക കുറയ്ക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇതുസംബന്ധിച്ച ഫയൽ മന്ത്രിസഭാ യോഗത്തിന്റെ അനുമതിക്കായി നൽകുന്നതിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

(7) ചാലക്കുടിയിലെ പൊതുമരാമത്ത് പ്രവൃത്തികൾ

ശ്രീ. സനീഷ് കുമാർ ജോസഫ്: ചാലക്കുടി നിയോജകമണ്ഡലത്തിലെ കിഫ്ബി ഫണ്ടുപയോഗിച്ചുള്ള പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): വെള്ളിക്കുളങ്ങര-വെറ്റിലപ്പാറ മലയോര ഹൈവേ പദ്ധതിക്ക് സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്ത് കരാറുകാരെ നിശ്ചയിച്ചിട്ടുണ്ട്. സൗജന്യമായി വിട്ടുനൽകിയ ഭൂമിയിലെ ചമയങ്ങൾക്കുള്ള നഷ്ടപരിഹാരംകൂടി ഉൾപ്പെടുത്തി സാമ്പത്തികാനുമതി പുതുക്കി നൽകാൻ

കിഫ്ബിയിൽ നിർദ്ദേശം സമർപ്പിച്ചിട്ടുണ്ട്. ചാലക്കുടി-മോതിരക്കണ്ണി, പൂവത്തുങ്കൽ-വേളൂക്കര റോഡുകളുടെ സ്ഥലമേറ്റെടുക്കൽ പ്രക്രിയ പൂർത്തിയായിട്ടില്ല. മുരിങ്ങൂർ-ഏഴാറ്റുമുഖം റോഡ് പ്രവൃത്തി പുനരാരംഭിക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. ചാലക്കുടി-ആനമല റോഡിന്റെ ടാറിംഗ് പ്രവൃത്തികൾ 31-03-2023-നുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള തീവ്രശ്രമത്തിലാണ്. പാറക്കുട്ടം പാലത്തിന്റെ പുതുക്കിയ അലൈൻമെന്റിന് അംഗീകാരം നൽകുകയും സ്ഥലമേറ്റെടുക്കൽ പ്രക്രിയ നടന്നുവരികയുമാണ്. ആറങ്ങാലിക്കടവ് പാലത്തിന് അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടികളാരംഭിക്കുകയും നിർമ്മാണ പ്രവൃത്തിക്കുള്ള സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ പദ്ധതിരേഖ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കാഞ്ഞിരപ്പള്ളി-കുന്നപ്പിള്ളി പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്ന പ്രവൃത്തി വേഗത്തിലാക്കാൻ പ്രത്യേക ഇടപെടൽ നടത്തുന്നുണ്ട്.

## (8) തങ്കളം-കാക്കനാട് നാലുവരിപ്പാത

**ശ്രീ. ആന്റണി ജോൺ:** തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കാക്കനാട്-തങ്കളം നാലുവരിപ്പാതയുടെ നിർമ്മാണം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. ഐ.ആർ.സി. മാനദണ്ഡങ്ങളനുസരിച്ച് ഡിസൈൻ ചെയ്യാൻ കഴിയില്ലെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കിഫ്ബിയുടെ അഭിപ്രായംകൂടി ആരാഞ്ഞതിനുശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

(9) സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സുൽത്താൻ ബത്തേരി താലൂക്കാശുപത്രിയുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനും ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആർദ്രം മാനദണ്ഡപ്രകാരം താലൂക്കാശുപത്രിയുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വയനാട് സുൽത്താൻ ബത്തേരി ആശുപത്രിയിൽ നിലവിലെ കിടക്കകളുടെ എണ്ണം 56-ഉം ഒ.പി. 880-ഉം, ഐ.പി 25-ഉം ആണ്. മാസത്തിൽ അറുപതോളം പ്രസവങ്ങളും നൂറോളം ഓപ്പറേഷനുകളും നടക്കുന്നുണ്ട്. വിവിധ നിർമ്മാണ-നവീകരണ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഒ.പി. ബ്ലോക്ക്, രജിസ്ട്രേഷൻ കൗണ്ടർ, ഫാർമസി കൗണ്ടർ,

ഡിസ്പെൻസറി കൗണ്ടറുകൾ തുടങ്ങിവയെ വിപുലമായ രീതിയിൽ സജ്ജീകരിക്കുകയും 5 കോടി രൂപയുടെ അപ്ഗ്രഡേഷൻ പ്രവൃത്തികൾ നടന്നുവരികയുമാണ്. ഒഫ്ത്താൽമിക്, ഗൈനക്ക്, ഇ.എൻ.ടി., ജനറൽ, ഓർത്തോ തുടങ്ങിയ വിഭാഗങ്ങളിലായി ഓപ്പറേഷൻ തിയേറ്ററുകൾ, കാഷ്വാലിറ്റി ട്രയാജ് സിസ്റ്റം, പെയിൻ ആന്റ് പാലിയേറ്റീവ് വാർഡ് നവീകരണം, ഹാൻഡ് റെയിലുകൾ, ഹോൾഡറുകൾ തുടങ്ങിയവ സജ്ജീകരിക്കുന്ന പ്രവൃത്തികൾ മാർച്ച് അവസാനത്തോടെ പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. 25 കോടി രൂപ നബാർഡ് ധനസഹായത്തോടുകൂടി നിർമ്മാണം നടന്നുവരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി ബ്ലോക്കിന്റെ നിർമ്മാണം 95 ശതമാനത്തോളം പൂർത്തീകരിച്ചിട്ടുള്ളതും ഉപകരണങ്ങൾ വാങ്ങുന്ന നടപടി പുരോഗമിക്കുകയുമാണ്. ടി ആശുപത്രിയിൽ സ്പെഷ്യാലിറ്റി ഡോക്ടർമാരടക്കം 23 ഡോക്ടർമാരും 19 സ്റ്റാഫ് നഴ്സും ഉൾപ്പെടെ അംഗീകൃത തസ്തിക 89 ആണ്. 55 ജീവനക്കാരെ ആരോഗ്യ കേരളം വഴി താൽക്കാലികമായി നിയമിച്ചിട്ടുണ്ട്. 21 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുള്ളതും കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുമാണ്. വയനാടിന് പ്രത്യേക പരിഗണന നൽകിക്കൊണ്ടാണ് ആരോഗ്യ

മേഖലയിലെ പ്രവർത്തനം മുന്നോട്ടുപോകുന്നത്.

## 10. വഖഫ് ബോർഡ് ഗ്രാന്റ്

ശ്രീ. പി. ഉബൈദുള്ള: സംസ്ഥാന വഖഫ് ബോർഡുമുഖേന വിവിധ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് നൽകിവരുന്ന സ്പെഷ്യൽ, അഡ്മിനിസ്ട്രേറ്റീവ് ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിനും കെട്ടിക്കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിനാവശ്യമായ തുക അഡീഷണൽ ഗ്രാന്റായി അനുവദിക്കുന്നതിനും നൽകിവരുന്ന ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യക്ഷേമ പെൻഷനുകൾക്ക് സമാനമായ തുക വഖഫ് ബോർഡ് ജീവനക്കാർക്ക് പെൻഷനായി നൽകുന്നതിനും ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സ്കോളർഷിപ്പുകൾക്ക് സമയബന്ധിതമായി അപേക്ഷ ക്ഷണിച്ച് തുക യഥാസമയം വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): കേരള സംസ്ഥാന വഖഫ് ബോർഡിന്റെ 'സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം' എന്ന പദ്ധതിപ്രകാരം വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽനിന്നുള്ളവർക്ക് പ്രതിമാസ ധനസഹായം (പെൻഷൻ),

മാരകരോഗം ബാധിച്ചവർക്കുള്ള ചികിത്സാ ധനസഹായം, നിർദ്ധനരായ മുസ്ലീം പെൺകുട്ടികളുടെ വിവാഹ ധനസഹായം തുടങ്ങിയവ നൽകിവരുന്നുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പ്രവർത്തനത്തിനുവേണ്ടി 1.32 കോടി രൂപ വകയിരുത്തിയിട്ടുള്ളതും ആദ്യഗഡുവായി അനുവദിച്ച ഒരു കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചിട്ടുള്ളതുമാണ്. കെട്ടിക്കിടക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

(1) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിച്ചു.

(2) മത്സ്യത്തൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിച്ചു.

## VI. ധനകാര്യം

### 2023-2024 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച - തുടർച്ച

ശ്രീമതി കാനത്തിൽ ജമീല: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. വികസനത്തിന്റെ ഒരു ബദൽ മാതൃകയായാണ് ബഡ്ജറ്റ്

അവതരിപ്പിച്ചിരിക്കുന്നത്. 62 ലക്ഷം ആളുകൾക്ക് സാമൂഹ്യക്ഷേമ പെൻഷൻ നൽകിക്കൊണ്ട് സാധാരണക്കാരെ സംരക്ഷിക്കാനും ദാരിദ്ര്യം ഉന്മൂലനം ചെയ്യാനുമുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. മത്സ്യത്തൊഴിലാളികളുടെ സർവ്വതോന്മുഖമായ ക്ഷേമം മുൻനിർത്തി 322 കോടിയോളം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. തീരദേശ മേഖലയുടെ അടിസ്ഥാന വികസനത്തിനായി സമുദ്ര പ്രോജക്ട്, ശുചിത്വസാഗരം പദ്ധതി, ഫിഷിംഗ് ബോട്ടുകളുടെ ആധുനികവൽക്കരണം, അക്വാഫാമിംഗ്, സമുദ്രോല്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റാനുള്ള സാങ്കേതിക വിദ്യകൾ, സീഫുഡ് പ്രോസസ്സിംഗ് പാർക്ക് തുടങ്ങി മാനവവിഭവശേഷി വികസനത്തിനും തീരസംരക്ഷണത്തിനും വേണ്ടി നിരവധി പദ്ധതികൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. നൂതന ആശയങ്ങൾ പ്രായോഗികമാക്കിക്കൊണ്ടുള്ള ഇന്നൊവേഷൻ കൗൺസിൽ ഭാവിയുടെ വാഗ്ദാനമായി മാറുമെന്നതിൽ സംശയമില്ല. കാപ്പാട് ചരിത്ര മ്യൂസിയത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയത് അഭിമാനാർഹമാണ്. കേന്ദ്രം തൊഴിലുറപ്പ് പദ്ധതിയെ തകർക്കാൻ ശ്രമിക്കുമ്പോൾ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ഊന്നൽ

നൽകുന്നതിനോടൊപ്പം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതികൂടി സജീവമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സജീവമായ ഇടപെടലാണ് നടത്തിവരുന്നത്. എല്ലാ വിഭാഗം ജനങ്ങളെയും ചേർത്തുപിടിച്ചുകൊണ്ടുള്ള ബഡ്ജറ്റാണ് സർക്കാർ അവതരിപ്പിച്ചിട്ടുള്ളത്.

ശ്രീമതി ഉമ തോമസ്: ബഡ്ജറ്റിനെ എതിർക്കുന്നു. പെട്രോളിനും ഡീസലിനും രണ്ട് രൂപ വീതം സെസ് ഏർപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെമേൽ അധിക നികുതിഭാരം അടിച്ചേൽപ്പിക്കുന്ന ബഡ്ജറ്റാണ് സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലം നികുതി പിരിവ് കാര്യക്ഷമമാക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടില്ല. ചികിത്സാ ചെലവുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ക്യാൻസർ രോഗികൾക്ക് നൽകുന്ന പെൻഷൻ 3000 രൂപയായി വർദ്ധിപ്പിക്കണം. ബി.എം.സി മുതൽ ചിത്രപ്പുഴ വരെയുള്ള സീപോർട്ട്-എയർപോർട്ട് റോഡിന്റെ രണ്ടാംഘട്ട വികസനം സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജി.എസ്.ടി. കൃത്യമായി അനുവദിക്കാതെയും കടമെടുപ്പ് പരിധി വെട്ടിക്കുറച്ചും അർഹിക്കുന്ന വിഹിതം നൽകാതെയും കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ

അവഗണിക്കുമ്പോഴും സമസ്ത മേഖലകളിലും പുരോഗതി കൈവരിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളാണ് സംസ്ഥാന ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിനുവേണ്ടിയാണ് ഡീസലിന്റെയും പെട്രോളിന്റെയും വിലയിൽ ചെറിയതോതിൽ വർദ്ധനവ് വരുത്തേണ്ടിവന്നിട്ടുള്ളത്. കേരളത്തെ വളർച്ചയുടെയും അഭിവൃദ്ധിയുടെയും പാതയിലേയ്ക്ക് എത്തിക്കാനാണ് ബഡ്ജറ്റിലൂടെ ശ്രമിച്ചിട്ടുള്ളത്. കേരളത്തിലെ ആഭ്യന്തര ഉല്പാദനം 12 ശതമാനം വർദ്ധിച്ചതും മേക്ക് ഇൻ കേരളയ്ക്ക് 100 കോടി രൂപ വകയിരുത്തിയതും അഭിനന്ദനാർഹമാണ്. കൊച്ചി-പാലക്കാട് വ്യവസായ ഇടനാഴി, ഐ.ടി. പാർക്ക് നിർമ്മാണം തുടങ്ങിയവ വന്നുകഴിഞ്ഞാൽ അഞ്ച് വർഷംകൊണ്ട് നിരവധി തൊഴിലവസരങ്ങൾ കേരളത്തിൽ സൃഷ്ടിക്കാൻ സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അഴീക്കോട്-മുനമ്പം പാലത്തിന്റെയും കൊടുങ്ങല്ലൂർ-ഗുരുവായൂർ റെയിൽപ്പാതയുടെ നിർമ്മാണത്തിനും ഇടത്തുരുത്തിയിൽ സർദാർ ഗോപാലകൃഷ്ണന്റെ പേരിൽ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കാനും ആവശ്യമായ തുക വകയിരുത്തണം.

ശ്രീ. അനൂപ് ജേക്കബ്: ബഡ്ജറ്റിനെ എതിർക്കുന്നു. സമസ്തമേഖലകളിലും നികുതി വർദ്ധിപ്പിച്ചുകൊണ്ട് അധികഭാരം ജനങ്ങളിൽ അടിച്ചേൽപ്പിക്കുന്ന ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. കഴിഞ്ഞ അഞ്ചുവർഷക്കാലത്തെ നികുതി കുടിശ്ശിക പിരിച്ചെടുക്കാത്തതിന്റെ ഫലമായി 25000 കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തുണ്ടായിട്ടുള്ളത്. ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ ഉൾപ്പെടെയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് അപലപനീയമാണ്. ഫണ്ടിന്റെ അപര്യാപ്തതമൂലം കിഫ്ബി പദ്ധതികൾ മുടങ്ങിയിരിക്കുകയാണ്. സഹകരണ സ്ഥാപനങ്ങളുടെയും സർവ്വകലാശാലകളുടെയും നിക്ഷേപങ്ങൾ ട്രഷറിയിലേയ്ക്ക് മാറ്റാനുള്ള നിർദ്ദേശം പുനഃപരിശോധിക്കണം. എഡ്യൂക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം സ്തംഭനാവസ്ഥയിലാണ്. എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന 20 വർക്കുകളിൽ ഏതെങ്കിലുമൊന്നിന് അനുമതി നൽകുന്നതിനുപകരം ഓരോ പ്രദേശത്തെയും പ്രധാനപ്പെട്ട പ്രവൃത്തികൾക്ക് അനുമതി നൽകാൻ തയ്യാറാകണം. പ്രഖ്യാപനങ്ങൾക്ക് തുടർനടപടികളുണ്ടാകണം.

ശ്രീ. പ്രമോദ് നാരായൺ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. നവ കേരള സൃഷ്ടിക്കായുള്ള സഞ്ചാരപാത തുറന്നിടുന്ന ബഡ്ജറ്റാണ് സർക്കാർ

അവതരിപ്പിച്ചിട്ടുള്ളത്. രാജ്യത്തെ ജി.ഡി.പി. നിരക്ക് വർദ്ധിക്കുമ്പോഴും തൊഴിലില്ലായ്മ രൂക്ഷമാകുകയാണ്. 'മേക്ക് ഇൻ കേരള' പദ്ധതിക്ക് 100 കോടി രൂപ നീക്കിവച്ചതും പ്രവാസികൾക്ക് താങ്ങാനാവുന്ന പരിധിക്കുള്ളിൽ വിമാന ടിക്കറ്റ് നിരക്ക് നിലനിർത്താൻ പ്രാഥമികമായി 15 കോടി രൂപയുടെ കോർപ്പസ് ഫണ്ട് രൂപീകരിക്കാനുള്ള തീരുമാനവും അഭിനന്ദനാർഹമാണ്. റബ്ബറിന്റെ സംഭരണവില വർദ്ധിപ്പിക്കുന്നതിനും സഹകരണ മേഖലയുടെ സഹകരണത്തോടെ അക്കാദമിക് സിറ്റികൾ ആരംഭിക്കാനാകുമോയെന്ന് പരിശോധിക്കുന്നതിനും റാന്നി നോളജ് വില്ലേജ് പദ്ധതിയിൽ വൈജ്ഞാനിക മുന്നേറ്റത്തിനുതകുന്ന പദ്ധതികൾ ഉൾപ്പെടുത്തി കൂടുതൽ സാമ്പത്തിക സഹായം നൽകുന്നതിനും ക്ലാസ്മുറികളെ കുടുംബശ്രീ യൂണിറ്റുകളുമായി കോർത്തിണക്കി ലിംഗസമത്വത്തിനായി വലിയ ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പ്രഭാകരൻ</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ വിവേചനത്തിനെതിരെ കക്ഷി-രാഷ്ട്രീയത്തിനതീതമായി ഒരുമിച്ചുനിന്ന് അവകാശങ്ങൾ നേടിയെടുക്കാൻ തയ്യാറാകണം. അർഹതപ്പെട്ട പദ്ധതി വിഹിതമുൾപ്പെടെ വെട്ടിക്കുറയ്ക്കുന്ന കേന്ദ്ര നടപടികൾക്കിടയിലും സാമൂഹ്യക്ഷേമ പെൻഷനും വികസന

പദ്ധതികളും മുടക്കംവരാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ഫണ്ട് കണ്ടെത്തുന്നതിനായാണ് പെട്രോളിനും ഡീസലിനും സെസ് ഏർപ്പെടുത്തിയത്. പാലക്കാട് ജില്ലയിലുള്ള വിവിധ പദ്ധതികളുടെ കാഡാ കനാലുകളുടെയും ഫീൽഡ് ചാനലുകളുടെയും ഡ്രെയിനുകളുടെയും നവീകരണത്തിനായി തുക നീക്കിവച്ച നടപടിയെ അഭിനന്ദിക്കുന്നതോടൊപ്പം വാളയാർ ഡാമിനെക്കൂടി അതിൽ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. നെല്ല് സംഭരിച്ച വകയിൽ പാലക്കാട് ജില്ലയിലെ കർഷകർക്ക് നൽകാനുള്ള കുടിശ്ശിക തുക അനുവദിക്കണം.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ സൃഷ്ടിച്ച സാമ്പത്തിക പ്രതിബന്ധങ്ങളെ ക്രിയാത്മകമായി നേരിട്ട് സംസ്ഥാനത്ത് വികസന മേഖലയെ ശക്തിപ്പെടുത്താനുതകുന്ന യാഥാർത്ഥ്യ ബോധമുള്ള ബഡ്ജറ്റാണ് അവതരിപ്പിച്ചിട്ടുള്ളത്. കടമെടുപ്പ് പരിധിയും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും വെട്ടിക്കുറച്ചും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കിയും കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തെ സാമ്പത്തികമായി ഞെരുക്കുകയാണ്. ഫെഡറൽ സംവിധാനത്തെ തകർക്കുന്ന നടപടിയാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. റബ്ബർ സബ്സിഡിക്കുള്ള വിഹിതം

വർദ്ധിപ്പിച്ചതും വിപണി ഇടപെടലുകൾക്കും മേക്ക് ഇൻ കേരള പദ്ധതിക്കും വിനോദസഞ്ചാര മേഖലയ്ക്കും കെ.എസ്.ആർ.ടി.സി.-ക്കും കുടുംബശ്രീ പ്രവർത്തനങ്ങൾക്കും ലൈഫ് മിഷനും തുക വകയിരുത്തിയതും സ്വാഗതാർഹമാണ്.

<u>ശ്രീമതി കെ. കെ. രമ</u>: ബഡ്ജറ്റിനെ എതിർക്കുന്നു. സംസ്ഥാനത്തെ ധനപ്രതിസന്ധിയെയോ ക്രമസമാധാന തകർച്ചയെയോ അഭിസംബോധന ചെയ്യാത്തതും ഭരണപരമായ കഴിവുകേടുകൾ മറച്ച് ജനങ്ങളെ പകൽകൊള്ള ചെയ്യുന്നതുമായ ബഡ്ജറ്റാണിത്. സാമൂഹ്യ സുരക്ഷാ പെൻഷൻ തുക വർദ്ധിപ്പിക്കാതെ സാമൂഹ്യ സുരക്ഷാ സെസ് ഏർപ്പെടുത്തിയതും അടിസ്ഥാന സൗകര്യ വികസനത്തിനും പൊതുമേഖലാ സ്ഥാപനങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും പദ്ധതികളില്ലാത്തതും ഭൂമിയുടെ ന്യായവിലയും വിവിധ നികുതികളും ഫീസും വർദ്ധിപ്പിച്ചതും അപലപനീയമാണ്. ആശ്വാസ കിരണം പദ്ധതിക്ക് മതിയായ തുക വകയിരുത്തുന്നതിനും എച്ച്.ഐ.വി., ക്യാൻസർ രോഗികൾക്കുള്ള സഹായധനം വർദ്ധിപ്പിക്കുന്നതിനും അവരുടെ ചികിത്സയ്ക്കാവശ്യമായ മരുന്നുകൾ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എം. നൗഷാദ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്ര സർക്കാർ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും കടമെടുപ്പ് പരിധിയും വെട്ടിക്കുറച്ചും ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിപ്പിച്ചും സംസ്ഥാനത്തെ പ്രതിസന്ധിയിലാക്കുമ്പോഴും സമസ്ത മേഖലകളിലും പുരോഗതി സാധ്യമാക്കുന്ന ബഡ്ജറ്റാണ് സംസ്ഥാന സർക്കാർ അവതരിപ്പിച്ചിരിക്കുന്നത്.

<u>ശ്രീ. ലിന്റോ ജോസഫ്</u>: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേന്ദ്രമേർപ്പെടുത്തിയ സാമ്പത്തിക ഉപരോധത്തെ മറികടക്കുന്നതിനായി അവതരിപ്പിച്ച ബഡ്ജറ്റ് നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ഡിവിസിബിൾ പൂളിൽനിന്നും ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരുത്തിയതും ജി.എസ്.ടി. നഷ്ടപരിഹാരം അവസാനിപ്പിച്ചതും സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഭീമമായ കുറവാണ് വരുത്തിയിരിക്കുന്നത്. റബ്ബർ കർഷകരെ സംരക്ഷിക്കാൻ 600 കോടി രൂപ നീക്കിവച്ചതും നാളികേരത്തിന്റെ താങ്ങുവില 34 രൂപയാക്കിയതും പഴം-പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിച്ചതും വന്യമൃഗശല്യം തടയുന്നതിനായി 50 കോടി രൂപ നീക്കിവച്ചതും സ്വാഗതാർഹമാണ്. 1972-ലെ വന്യമൃഗസംരക്ഷണ നിയമത്തിൽ കാലോചിതമായി മാറ്റം വരുത്തുന്നതിന് നിയമനിർമ്മാണം നടത്താൻ കേന്ദ്ര

ഗവൺമെന്റിൽ ആവശ്യമായ ഇടപെടൽ നടത്തണം.

ഡോ. എം. കെ. മുനീർ: ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിൽ പോലീസ് സേനയുമായി ബന്ധപ്പെട്ട് യാതൊരു പരാമർശവുമില്ലാത്തത് അപലപനീയമാണ്. ഐ.ജി.എസ്.ടി. റിട്ടേണിന്റെ ഘടനാപരമായ പരിഷ്ക്കാരത്തിൽ വന്നിട്ടുള്ള പിശകുകാരണം അഞ്ചുവർഷത്തിൽ 25000 കോടി രൂപയുടെ നഷ്ടമുണ്ടാകുമെന്ന എക്സ്പെൻഡിച്ചർ റിവ്യൂ റിപ്പോർട്ടിലെ പരാമർശവും ചെക്ക് പോസ്റ്റുകളിലെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറയും നമ്പർ പ്ലേറ്റ് റീഡിംഗിനുള്ള ക്യാമറയും നോക്കുകുത്തിയായത് കാരണം ഫിസ്കൽ ഡിസിപ്ലിനില്ലാത്തതിന്റെ പേരിൽ ഉണ്ടായിട്ടുള്ളത് വൻ നഷ്ടമാണ്. ലൈഫ് പദ്ധതിപ്രകാരമുള്ള ഭവനനിർമ്മാണത്തിനുള്ള തുക 5 ലക്ഷമായി വർദ്ധിപ്പിക്കണം.

ശ്രീ. വി. ജോയി: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ശമ്പളത്തിനും പെൻഷനും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കുമുള്ള ചെലവുകൾ നിർവ്വഹിക്കുന്നതോടൊപ്പം വികസനം സാദ്ധ്യമാക്കുന്ന പദ്ധതികളാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. കേന്ദ്രം പിരിക്കുന്ന നികുതിയിൽ നിന്നും ജനസംഖ്യാനുപാതികമായി കേരളത്തിന് അനുവദിക്കേണ്ട വിഹിതം നൽകാത്തത് പ്രതിഷേധാർഹമാണ്. വിഴിഞ്ഞം വ്യാവസായിക

ഇടനാഴിയുടെ ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾക്കും ആർ.സി.സി.-യെ സംസ്ഥാന ക്യാൻസർ സെന്ററാക്കി ഉയർത്തുന്നതിനും നഗര കുടിവെള്ള പദ്ധതി, ഡിജിറ്റൽ സയൻസ് പാർക്ക്, ഗ്രീൻ ഹൈഡ്രജൻ ഹബ്ബ്, നിഷ് തുടങ്ങി ഒട്ടേറെ പദ്ധതികൾക്കും ബഡ്ജറ്റിൽ തുക വകയിരുത്തിയത് അഭിനന്ദനാർഹമാണ്. കരമന-കളിയിക്കാവിള റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം. സാമൂഹ്യക്ഷേമ പെൻഷൻ മുടക്കമില്ലാതെ നൽകുന്നതിനാണ് പെട്രോളിന് സെസ് ഏർപ്പെടുത്തിയത്. ഏറ്റവും കൂടുതൽ ക്ഷേമപെൻഷനുകൾ നൽകുന്ന സംസ്ഥാനമാണ് കേരളമെന്നത് വിസ്മരിക്കരുത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ബഡ്ജറ്റിനെ എതിർക്കുന്നു. സാമൂഹ്യ-സാമ്പത്തിക യാഥാർത്ഥ്യങ്ങളെ വിസ്മരിച്ച ബഡ്ജറ്റാണിത്. നികുതി ചുമത്തുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങളെ സംബന്ധിച്ച് പരിശോധിക്കാത്തത് അപലപനീയമാണ്. നികുതി പിരിവിലുണ്ടായ പരാജയമാണ് സാമ്പത്തിക പ്രതിസന്ധിക്ക് കാരണം. ഇന്ത്യയിലെ ഏറ്റവും വലിയ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. വരുമാനത്തിൽ മുൻപന്തിയിലെത്താൻ സാധിക്കാത്തത് ഖേദകരമാണ്. ഇന്ത്യയിലെ 19 സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ

നികുതി വരുമാനം കുറവാണ്. വാറ്റ് സിസ്റ്റത്തിലെ നികുതിപിരിവ് സമ്പ്രദായം മാറ്റി ജി.എസ്.ടി.-ക്ക് അനുരോധമായ ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റം സമയബന്ധിതമായി റീസ്ട്രക്ച്ചർ ചെയ്തിരുന്നെങ്കിൽ വരുമാനനഷ്ടം ഒഴിവാക്കാമായിരുന്നു. ഐ.ജി.എസ്.ടി. കൈകാര്യം ചെയ്യുന്നതിലെ പാളിച്ചകൾമൂലം കോടിക്കണക്കിന് രൂപയുടെ വരുമാനനഷ്ടം സംഭവിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമല്ലാത്തതിനാൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന ഉൽപ്പന്നങ്ങൾ നികുതി ഒഴിവാക്കി വിൽക്കുന്നത് യഥാർത്ഥ കച്ചവടക്കാരുടെ വരുമാനത്തെ ബാധിക്കും. നികുതി ഈടാക്കാതെ അനധികൃതമായി സ്വർണ്ണം വിൽക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം. ബാറുകൾ മദ്യവില്പനയ്ക്കനുസരിച്ച് നികുതി നൽകാത്തതും അത് പരിശോധിക്കാൻ സംവിധാനമില്ലാത്തതും ടേണോവർ ടാക്സ് കുറയാൻ ഇടയാക്കുന്നു. കേന്ദ്ര സർക്കാർ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി. കോമ്പൻസേഷനും സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. മദ്യത്തിന്റെ നികുതി കൂട്ടിയാൽ മറ്റ് ലഹരിവസ്തുക്കളുടെ ഉപയോഗം വർദ്ധിക്കുന്നതിനും ഫ്യൂവൽ സെസ് വർദ്ധിപ്പിക്കുന്നത് വിപണിയിൽ സാധനങ്ങളുടെ വിലവർദ്ധനവുണ്ടാകുന്നതിനും ഇടയാക്കും. കേന്ദ്രം ഇന്ധന നികുതി വർദ്ധിപ്പിച്ചപ്പോൾ 5000 കോടി രൂപയും പെട്രോൾ ഡീസൽ സെസ്

ഇനത്തിൽ കിഫ്ബിക്ക് 6000 കോടി രൂപയും വരുമാനം ലഭിച്ച സാഹര്യത്തിൽ വീണ്ടും നികുതി ഈടാക്കിയ നടപടി അടിസ്ഥാനരഹിതമാണ്. മാർക്കറ്റ് വിലയേക്കാൾ ഫെയർ വാല്യൂ അശാസ്ത്രീയമായി വർദ്ധിപ്പിച്ചത് വിപണിയിലെ ക്രയവിക്രയത്തെ ബാധിക്കുമെന്നതിനാൽ തിരുത്താനുള്ള നടപടി സ്വീകരിക്കണം. കിഫ്ബി പദ്ധതികൾക്കായുള്ള കടമെടുപ്പ് പരിധി ബഡ്ജറ്റിനുള്ളിൽ വരുമെന്നതിനാൽ അതുവഴിയുണ്ടാകുന്ന അധിക ബാധ്യത ഒഴിവാക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): അടുത്ത ഒരു വർഷത്തെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഡ്ജറ്റിന്മേലുള്ള ചർച്ചയിൽ പൊതുവിൽ കേരളം അഭിമുഖികരിക്കുന്ന പ്രശ്നങ്ങളെപ്പറ്റിയും മറ്റുമുള്ള വിലയിരുത്തലുകൾ നടന്നിട്ടുണ്ട്. രാജ്യം വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. രാഷ്ട്രീയ ചേരിതിരിവും വ്യത്യാസങ്ങളുമുണ്ടെങ്കിലും ഇത്തരം സാഹചര്യത്തെ എങ്ങനെ നേരിടാൻ സാധിക്കുമെന്നുള്ളത് ഭരണ-പ്രതിപക്ഷ ഭേദമെന്യേ ചർച്ച ചെയ്യപ്പെടണം. ഒറ്റപ്പെട്ട ചില സംഭവങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നത് ദുഃഖകരമാണ്. കോർപ്പറേറ്റുകൾക്ക് വൻതോതിൽ നികുതിയിളവ് നൽകുന്ന കേന്ദ്ര സർക്കാർ സാധാരണക്കാരുടെ

ആനുകൂല്യങ്ങളിൽ കുറവ് വരുത്തുകയാണ് ചെയ്യുന്നത്. വെള്ളൂർ ന്യൂസ്പ്രിന്റ് ഫാക്ടറി സ്ഥിതിചെയ്യുന്ന സ്ഥലം ഏറ്റെടുത്ത് ആരംഭിച്ച റബ്ബർ പാർക്കിന് 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും കേന്ദ്ര ഗവൺമെന്റ് വില്പനയ്ക്കുവച്ച വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കാൻ സാധിച്ചതും പി.എസ്.സി. വഴി കൂടുതൽ നിയമനങ്ങൾ നടത്താൻ സാധിച്ചതും സർക്കാരിന്റെ നേട്ടമാണ്. വൈക്കം സത്യാഗ്രഹത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന ഈയവസരത്തിൽ കേരളം സാമൂഹ്യ പുരോഗതിയുടെയും നവോത്ഥാനത്തിന്റെയും കേന്ദ്രമായി മാറിയത് അഭിമാനാർഹമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയ്ക്കായി ബഡ്ജറ്റിൽ കൂടുതൽ തുക വകകൊള്ളിച്ചിട്ടുണ്ട്. വ്യവസായം, കൃഷി, സേവന മേഖല തുടങ്ങിയവയ്ക്ക് ഉയർന്ന തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത്. 62 ലക്ഷത്തോളം പേർക്ക് സാമൂഹ്യക്ഷേമ പെൻഷൻ നൽകാനായി പ്രതിവർഷം ഏതാണ്ട് 11,000 കോടി രൂപയും 42 ലക്ഷം കുടുംബങ്ങൾക്ക് ചികിത്സാ പദ്ധതിക്കായി പ്രതിവർഷം 1400 കോടി രൂപയുമാണ് വിനിയോഗിക്കുന്നത്. നെല്ല്, നാളികേരം, റബ്ബർ തുടങ്ങിയവയ്ക്ക് ഉയർന്ന വില ലഭ്യമായിട്ടുള്ള സംസ്ഥാനമാണ് കേരളം. സംസ്ഥാനത്ത് സബ്സിഡി നിരക്കിൽ അരി

വിതരണം ചെയ്യുന്നതിനായി 810 കോടി രൂപയാണ് വിനിയോഗിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ അടക്കമുള്ള ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷം 1325.77 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ദേശീയ ശരാശരിയേക്കാൾ ഒന്നര ഇരട്ടിയിലധികമാണ് കേരളത്തിന്റെ ആളോഹരി വരുമാനം. ഗ്രാഫീൻ സംബന്ധിച്ച ഗവേഷണ പരീക്ഷണങ്ങളും പരമ്പരാഗത വ്യവസായ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തിന്റെ മാനുഫാക്ച്ചറിംഗ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ 18 ശതമാനത്തിലധികമായി വർദ്ധിച്ചിരിക്കുന്നുവെന്നത് വലിയ നേട്ടമാണ്. മുതിർന്ന പൗരന്മാരെ കൺസിഡർ ചെയ്യുന്നതോടൊപ്പം യുവജനങ്ങൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങളും സൗകര്യങ്ങളും നൽകുന്നതിനുള്ള പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ പ്രത്യേക പ്രാമുഖ്യം നൽകിയിട്ടുണ്ട്. മെച്ചപ്പെട്ട റോഡുകളും കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിനായി ബഡ്ജറ്റിൽ തുക വകകൊള്ളിച്ചിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന ഉല്പന്നങ്ങളിൽ തദ്ദേശീയമായി ഉൽപ്പാദിപ്പിക്കാൻ സാധ്യതയുള്ളവ കണ്ടെത്തി ഉല്പാദനം നടത്തുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. മേക്ക് ഇൻ കേരളയ്ക്കായി 1000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിക്കുകയും ഈ വർഷം 100 കോടി രൂപ നീക്കിവയ്ക്കുകയും

ചെയ്തിട്ടുണ്ട്. വിഴിഞ്ഞം തുറമുഖത്തോടനുബന്ധിച്ച് വാണിജ്യ വ്യവസായ കേന്ദ്രം വികസിപ്പിക്കുന്നതിന്റെ ഭാഗമായി ഏകദേശം 70 കി. മീ. നീളം വരുന്ന ഒരു ഇൻഡസ്ട്രിയൽ കോറിഡോർ വിഭാവനം ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസനത്തിനായി സർക്കാരിന്റെയും സഹകരണ മേഖലയുടെയും സംയുക്ത പദ്ധതികൾ നടപ്പാക്കും. ഇ-ഹെൽത്ത് പ്രോഗ്രാമിനായി 30 കോടി രൂപയും കൊച്ചിയിലും തിരുവനന്തപുരത്തും ഗ്രീൻ ഹൈഡ്രജൻ ഹബ് സ്ഥാപിക്കുന്നതിന്റെ ഭാഗമായി 20 കോടി രൂപയും ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. ന്യൂ എനർജി പാർക്ക് ആരംഭിക്കുന്നതിനായി 10 കോടി രൂപയും സാനിട്ടറി നാപ്കിനുകൾക്ക് പകരമായി പരിസ്ഥിതി സൗഹൃദവും ചെലവ് കുറഞ്ഞതുമായ മെൻസ്ട്രുവൽ കപ്പുകളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാനായി 10 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ചെലവ് കുറഞ്ഞ നിർമ്മാണ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റുകൾ നിർമ്മിക്കുകയും മലപ്പുറം ബസ് സ്റ്റാന്റിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്. ജെൻഡർ ബഡ്ജറ്റ് വിഹിതം 21.12 ശതമാനമായി വർദ്ധിപ്പിക്കുകയും ചരിത്രത്തിലാദ്യമായി ബഡ്ജറ്റിനൊപ്പം R & D (Research and Development) ബഡ്ജറ്റ് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തനത് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും ഫിസ്കൽ

ഡെഫിസിറ്റും പൊതുകടവും കുറച്ചുകൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്. കേരളം കടക്കെണിയിലാണെന്ന പ്രചരണം വസ്തുതാവിരുദ്ധമാണ്. ജി.എസ്.ടി. വകുപ്പ് പുന:സംഘടിപ്പിച്ച് നികുതി പിരിവ് ഊർജ്ജിതമാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ജി.എസ്.ടി. നടപ്പിലാക്കിയതിലെ അപാകതകളും റവന്യൂ ന്യൂട്രൽ റേറ്റിൽ കുറവ് വരുത്തിയതും നികുതി വരുമാനം കുറയാനിടയാക്കിയിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരം 5 വർഷത്തേയ്ക്കുകൂടി നീട്ടണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് വിഹിതം 0.5 ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. അർഹതപ്പെട്ട കേന്ദ്രവിഹിതം ലഭ്യമാകാത്ത സാഹചര്യത്തിൽ സാമൂഹ്യക്ഷേമ പെൻഷൻ വിതരണവും വികസന പദ്ധതികളും മുന്നോട്ടുകൊണ്ടുപോകുന്നതിനാണ് ഇന്ധനസെസ്സും അധിക നികുതിയും ഏർപ്പെടുത്തിയത്. അയ്യങ്കാളി സ്മാരകവും സ്കൂളും കല്ലുമാല സ്ക്വയറും പ്രാവർത്തികമാക്കുന്നതാണ്. ഈ വർഷം 937 കോടി രൂപ മാത്രമാണ് കടമെടുക്കാൻ കേന്ദ്രാനുമതിയുള്ളത്. കഴിഞ്ഞ രണ്ടുവർഷംകൊണ്ട് 27,000 കോടി രൂപ നികുതിയിനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിൽ 24000 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. കരമന-കളിയിക്കാവിള, കോഴിക്കോട് എയർപോർട്ട്

റോഡുകളുടെ വികസനത്തിന് നടപടി സ്വീകരിക്കും. തൃശ്ശൂർ-കുറ്റിപ്പുറം റോഡ് വികസന പദ്ധതിയിൽ അമല ആർ.ഒ.ബി. കൂടി ഉൾപ്പെടുത്തുന്നതാണ്. നിലമ്പൂർ ബൈപ്പാസിനായി അനുവദിച്ച തുക സ്ഥലമേറ്റെടുക്കലിനുവേണ്ടി വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നതാണ്. ഭിന്നശേഷി കുട്ടികളുടെ കലാമേളയായ 'സമ്മോഹനം' പരിപാടിക്ക് 20 ലക്ഷം രൂപയും സംസ്ഥാന പട്ടയ മിഷന് 2 കോടി രൂപയും അഷ്ടമുടിക്കായലിന്റെ ശുചീകരണപ്രവർത്തനങ്ങൾക്കായി 5 കോടി രൂപയും അരൂർ മണ്ഡലത്തിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിന് 5 കോടി രൂപയും 'ഓപ്പറേഷൻ ബ്രേക്ക് ത്രൂ' പദ്ധതിക്ക് 10 കോടി രൂപയും മലപ്പുറം മൂടാൽ-കഞ്ഞിപ്പുര ബൈപ്പാസിന് 5 കോടി രൂപയും കേരള ലായേഴ്സ് അക്കാദമിക്ക് ഒരു കോടി രൂപയും സ്കൂളുകളിലെ സ്പോർട്സ് പരിശീലനത്തിനായി 3 കോടി രൂപയും മയ്യഴി വിനോദസഞ്ചാര പദ്ധതിയുടെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപയും അനുവദിക്കുന്നു. തുർക്കി-സിറിയ ഭൂകമ്പ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുള്ള സംസ്ഥാനവിഹിതമായി 10 കോടി രൂപ നീക്കിവയ്ക്കുന്നു. മട്ടന്നൂർ അന്താരാഷ്ട്ര യോഗ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. എം.എൽ.എ.-മാരുടെ പ്രത്യേക വികസന ഫണ്ടിൽനിന്നും ഗ്രാമവണ്ടി പദ്ധതിക്ക് തുക

വിനിയോഗിക്കുന്നതിന് അനുവാദം നൽകുന്നതാണ്. അങ്കണവാടി-ആശാവർക്കർമാർ, സാക്ഷരതാ പ്രവർത്തകർ, പ്രീ-പ്രൈമറി അദ്ധ്യാപകർ, പാചകത്തൊഴിലാളികൾ തുടങ്ങിയവരുടെ വേതനവുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിന് ഈ സാമ്പത്തികവർഷംതന്നെ നടപടി സ്വീകരിക്കുന്നതാണ്. നികുതി നിരക്കുകളിൽ കാലോചിതമായ പരിഷ്കരണമാണ് വരുത്തിയിട്ടുള്ളത്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഇന്ധന സെസ് ഉൾപ്പെടെയുള്ള നികുതികളിൽ കുറവ് വരുത്താൻ ഉദ്ദേശിക്കുന്നില്ല. ബഡ്ജറ്റ് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(ഇന്ധന സെസ് ഉൾപ്പെടെയുള്ള നികുതികൾ പിൻവലിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷമൊന്നടങ്കം സഭാനടപടികൾ ബഹിഷ്കരിച്ചു.)

ധനകാര്യ വകുപ്പുമന്ത്രി 2023-24 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് എസ്റ്റിമേറ്റ് അവതരിപ്പിച്ചു.

## VII. അറിയിപ്പ്

<u>ഇ-നിയമസഭ ആപ്ലിക്കേഷന്റെ ഉദ്ഘാടനം</u>

<u>മി. സ്പീക്കർ</u>: ഇ-നിയമസഭ ആപ്ലിക്കേഷന്റെ (ഒന്നാംഘട്ടം) ഔപചാരിക ഉദ്ഘാടനവും ഔദ്യോഗിക പ്രഖ്യാപനവും ആർ.

ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽവച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുന്നതാണ്. പ്രസ്തുത പരിപാടിയിൽ എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും പങ്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

സഭ വൈകുന്നേരം 04.01- ന് പിരിഞ്ഞു.

********